പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3718 11.12.2018-ലെ മറുപടിക്ക്

## ട്രാഫിക് ബോധവൽക്കരണ പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ.ടി. വി. ഇബ്രാഹിം

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി ഗതാഗത നിയമങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാൻമാരാക്കുന്നതിന് വേണ്ടി സർക്കാർ ചെയ്യുന്ന കാര്യങ്ങൾ വിശദമാക്കാമോ; | (എ) | ഗതാഗത നിയമങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നതിനുവേണ്ടി "റോഡ് സുരക്ഷാ വിദ്യാഭ്യാസം സ്കൂളുകളിലൂടെ" എന്ന പദ്ധതി NATPAC വഴി രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നുണ്ട്. ഒന്നാം ഘട്ടത്തിൽ 1189 സ്കൂളുകളിലെ അധ്യാപകർക്ക് പരിശീലനം നൽകുകയും അതുവഴി പ്രസ്തുത സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 1000 സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാൻ NATPAC നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഒന്നാം ഘട്ടത്തിൽ പരിശീലനം പൂർത്തിയാക്കിയ 1189 അധ്യാപകർക്ക് തുടർ പരിശീലനം ഉറപ്പാക്കുന്നതിനും രണ്ടാം ഘട്ടത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. റോഡ് സുരക്ഷ പാഠ്യ പദ്ധതിയുടെ ഭാഗമാക്കുന്നതിനുവേണ്ടിയുള്ള ശുപാർശ സർക്കാരിന് നൽകാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് മുഖാന്തിരം റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടത്താറുമുണ്ട്.<br><br>ഗതാഗത നിയമങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ നൽകുന്നതിനായി മോട്ടോർ വാഹന വകുപ്പ് എൽ.പി. സ്കൂൾ തലം മുതൽ ഹയർസെക്കന്ററി തലം വരെയുള്ള കുട്ടികളെ ഉൾപ്പെടുത്തി അവബോധന ക്ലാസ്സ്, ക്വിസ് മത്സരങ്ങൾ / റാലി മുതലായവ നടത്തുന്നുണ്ട്. ഇക്കാര്യത്തിൽ മുതിർന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന |

| | | | |
|---|---|---|---|
| | | | നൽകി വരുന്നു. 2011 മുതൽ 2020 വരെ പ്രഖ്യാപിച്ചിട്ടുള്ള "റോഡു സുരക്ഷാ ദശകം" പദ്ധതിയിൽപ്പെടുത്തി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രത്യേക ക്ലാസ്സുകൾ നൽകി വരുന്നുണ്ട്. ട്രാഫിക് നിയമങ്ങളും ചട്ടങ്ങളും അടങ്ങിയ ബുക്കുകൾ, ലഘുലേഖകൾ എന്നിവ അച്ചടിച്ച് വിതരണം ചെയ്യുന്നുണ്ട്. |
| (ബി) | ട്രാഫിക് നിയമങ്ങൾ വിശദമാക്കുന്ന ലഘുചിത്രങ്ങൾ/ഡോക്യുമെന്ററികൾ എന്നിവ ലഭ്യമാണോ; സ്കൂൾ-കോളേജ് തലങ്ങളിൽ ഇവ പ്രദർശിപ്പിക്കാറുണ്ടോ; വിശദമാക്കാമോ; | (ബി) | ട്രാഫിക് നിയമങ്ങൾ വിശദമാക്കുന്ന ലഘു ചിത്രങ്ങൾ ലഭ്യമാണ്. ഇവ NATPAC വഴിയുള്ള സ്കൂൾ പരിശീലന പരിപാടികളിൽ ഉപയോഗിച്ച് വരുന്നു. ഇതിനുപുറമേ, റോഡ് സുരക്ഷാ അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള പരസ്യ ചിത്രങ്ങളും റോഡ് സുരക്ഷാ അതോറിറ്റി നിർമ്മിച്ചിട്ടുണ്ട്. ഇത്തരം ചിത്രങ്ങൾ NATPAC സ്കൂളുകളിൽ പ്രദർശിപ്പിക്കാറുണ്ട്.<br><br>ഗതാഗത നിയമങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് മോട്ടോർ വാഹന വകുപ്പ് നൽകുന്ന ക്ലാസുകളിൽ ട്രാഫിക് നിയമങ്ങൾ വിശദമാക്കുന്ന ചിത്രങ്ങൾ / ലഘു ചിത്രങ്ങൾ സിനിമകൾ എന്നിവ പ്രദർശിപ്പിക്കുന്നുണ്ട്. കൂടാതെ ഇതു സംബന്ധിച്ച സി.ഡി-കൾ ലഘുപുസ്തകങ്ങൾ എന്നിവ വിദ്യാർത്ഥികൾക്ക് നൽകി വരുന്നുണ്ട്. പല വിദ്യാലയങ്ങളിലും റോഡ് സുരക്ഷാ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നു. |
| (സി) | ട്രാഫിക് ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് വേണ്ടി ഗതാഗത വകുപ്പിൽ പ്രത്യേക ഉദ്യോഗസ്ഥരോ സംവിധാനങ്ങളോ നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | ട്രാഫിക് ബോധവൽക്കരണത്തിനു മാത്രമായി ഗതാഗത വകുപ്പിൽ ഉദ്യോഗസ്ഥരും സംവിധാനങ്ങളും രൂപപ്പെടുത്തിയിട്ടില്ലെങ്കിലും ഡിപ്പാർട്ട്മെന്റിലെ എല്ലാ ഉദ്യോഗസ്ഥരും തങ്ങളുടെ ജോലികൾക്കു പുറമേ ട്രാഫിക് ബോധവൽക്കരണ പ്രവർത്തനങ്ങളിൽ വ്യാപൃതരാണ്. |

**സെക്ഷൻ ഓഫീസർ**